**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 342** **23-07-2021 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം താലൂക്കിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് രൂപം കൊണ്ട കുന്നംകുളം താലൂക്കിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കുന്നംകുളം താലൂക്കിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | നിലവിലുള്ള എം.ആർ.എസ്. കളിൽ ആധുനിക തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡെൻഷ്യൽ സ്കൂളുകളിൽ നിലവിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡെൻഷ്യൽ സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷം വരെ ആധുനിക തൊഴിലധിഷ്ഠിത കോഴ്സുകൾ ASAP മുഖേന പഠിപ്പിച്ചിരുന്നു. |
| (സി) | ഇല്ലെങ്കിൽ ഇത്തരം കോഴ്സുകൾ കൂടി പഠിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡെൻഷ്യൽ സ്കൂളുകളിൽ 2020-21-ൽ ASAP മുഖേന ലൈഫ് സ്കിൽ ആന്റ് സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് ആരംഭിക്കുന്നതിന് അനുമതിയുത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കോവിഡ്-19-ന്റെ വ്യാപനം കാരണം പ്രസ്തുത ട്രെയിനിംഗ് ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. കോവിഡ്-19 മഹാമാരിയോടനുബന്ധിച്ചുള്ള നിയന്ത്രണങ്ങൾ നീക്കി എം.ആർ.എസ്സ്. കളിൽ റഗുലർ പഠനം ആരംഭിക്കുന്ന മുറയ്ക്ക് കോഴ്സുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ